**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1219** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>അധ്യാപകരുടെ നിയമനാംഗീകാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** അധ്യാപകരുടെ നിയമനാംഗീകാരം, സേവന വേതന വ്യവസ്ഥകളിലെ തർക്കങ്ങൾ, ഭിന്നശേഷി നിയമനം എന്നീ വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

**<u>അധ്യാപകരുടെ നിയമനാംഗീകാരം</u>**

കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11 KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജർ ആണ് നടത്തുന്നത്. KER അധ്യായം XIV A ചട്ടം 8 (2), 8 (3) ന്റെ അടിസ്ഥാനത്തിൽ അതാത് വിദ്യാഭ്യാസ ആഫീസർ ആണ് അധ്യാപകരുടെ നിയമനം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്. KER അധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്.

ഭിന്നശേഷി സംവരണം പാലിക്കാത്തത്, അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കാത്തത്, ചട്ടപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതയില്ലാതെ നിയമിക്കുന്നത്, വ്യവസ്ഥാപിത തസ്തികയില്ലാതെ നിയമിക്കുന്നത് എന്നിങ്ങനെ പല കാരണങ്ങളാൽ ആണ് എയ്ഡഡ് മേഖലയിൽ നിയമന അംഗീകാരം ലഭിക്കാതെയിരിക്കുന്നത്. ഈ കാരണങ്ങളാൽ നിയമനം തടസ്സപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ചെങ്കിൽ മാത്രമേ നിയമനം അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. ചട്ടപ്രകാരമുള്ള നിയമനങ്ങൾക്ക് വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകുന്നുണ്ട്.

**<u>സേവന വേതന വ്യവസ്ഥകളിലെ തർക്കങ്ങൾ</u>**

എയ്ഡഡ് സ്കൂളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകളിലെ പരാതികളും തർക്കങ്ങളും KER ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് വിദ്യാഭ്യാസ അഫീസർമാർ പരിഗണിക്കുകയും പരിഹാരം കാണുകയും ചെയ്യുന്നത്. തർക്കങ്ങൾ/പരാതികൾ എന്നിവ തുടർന്നും നിലനിൽക്കുന്ന എങ്കിൽ വ്യവസ്ഥാപിത രീതിയിൽ ഡയറക്ടർക്കും സർക്കാർ തലത്തിലും വരെ അപ്പീൽ നൽകുന്നതിനും പരിഹാരം കാണുന്നതിനും സാധിക്കുന്നതാണ്.

<u>ഭിന്നശേഷി നിയമനം</u>

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി നിയമനത്തിനായി ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) no. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ.(കൈ) നം.45/2025/GEDN തീയതി 24-03-2025 പ്രകാരം ഉത്തരവായി. നിലവിൽ ജില്ലാതല സമിതികൾ മുഖേനയാണ് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനം നടന്നു വരുന്നത്.

18.02.2026 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.31/2026/പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട താത്ക്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിൽ/ ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**(ബി)** ഗോത്രമേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞ്പോക്ക്, സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ പഠന പിന്നാക്കാവസ്ഥയും കൊഴിഞ്ഞുപോക്കും തടയുന്നതിനും സ്കൂളുകളിൽ മികച്ച പഠനാന്തരീക്ഷവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മോഡൽ പ്രീ സ്കൂളുകൾ:** പ്രീ-പ്രൈമറി തലം മുതൽ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം 'മോഡൽ പ്രീ സ്കൂളുകൾ' ആയി പ്രവർത്തിച്ചു വരുന്നു.

**പ്രീ -മെട്രിക് ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും (MRS)** മികച്ച താമസ പഠന സൗകര്യങ്ങളോടുകൂടി 102 പ്രീ-മെട്രിക്ഹോസ്റ്റലുകളും, 11 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും, 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

**സാമൂഹ്യ പഠനമുറി:** ഊരുകളിൽ തിരിച്ചെത്തുന്ന കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കി കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കി വരുന്നു.

**ഗോത്രബന്ധു (മെന്റർ ടീച്ചർ):** പ്രൈമറി തലത്തിലെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ

ടീച്ചർമാരെ നിയമിച്ചു വരുന്നു.

**വിദ്യാവാഹിനി:** വിദൂര ഊരുകളിൽ നിന്നും കുട്ടികളെ തടസ്സമില്ലാതെ താമസ സ്ഥലത്ത് നിന്നും സ്കൂളുകളിൽ എത്തിക്കുന്നതിനായി വാഹനസൗകര്യം ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

**രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം:** പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൃത്യമായ ഹാജർ (75% ന് മുകളിൽ) ഉറപ്പാക്കുന്നതിനായി രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

**സ്കോളർഷിപ്പുകളും ഗ്രാന്റുകളും:** പ്രീ-മെട്രിക് തലത്തിൽ 1 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻ്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നുണ്ട്. കൂടാതെ 9, 10 ക്ലാസുകളിൽ പഠിക്കുന്ന വരുമാനപരിധിക്കുള്ളിലുള്ള കുട്ടികൾക്ക് പ്രത്യേക കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പും നൽകി വരുന്നു.

**പ്രത്യേക പരീക്ഷണ പരിശീലനങ്ങളും ട്യൂഷനും:** പരീക്ഷകളിൽ മികച്ച വിജയം ഉറപ്പാക്കുന്നതിന് ട്യൂഷൻ ഫീസ് ആനുകൂല്യം നൽകുന്നതോടൊപ്പം പരീക്ഷയ്ക്ക് മുന്നോടിയായി റസിഡൻഷ്യൽ കോച്ചിംഗ് വഴി തീവ്ര പരിശീലനവും നൽകുന്നുണ്ട്.

**കൈത്താങ്ങ് പദ്ധതി:** അനാഥരായ കുട്ടികൾക്കും മാതാപിതാക്കളുടെ ഗുരുതരമായ രോഗാവസ്ഥ കാരണം സംരക്ഷിക്കാൻ കഴിയാത്ത കുട്ടികൾക്കും പ്രതിമാസം 2000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ് മെന്റ്** സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മത്സര പരീക്ഷയിലൂടെ തിരഞ്ഞെടുത്ത് 5 മുതൽ 10-ാം ക്ലാസ് വരെ സ്കോളർഷിപ്പും പഠന സാമഗ്രികളും നൽകിവരുന്നു.

**സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം** : അക്കാഡമിക് കലാ കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**